"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തരവകുപ്പ് - കേരള ആംഡ് വനിതാ ബറ്റാലിയൻ പിസി 1125 ശ്രീമതി രേഷ്മ കൃഷ്ണൻ (പെൻ : 908150) - 01.09.2024 തീയതി മുതൽ 31.08.2025 വരെ ഒരു വർഷത്തെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2609/2024/HOME തീയതി,തിരുവനന്തപുരം, 05-09-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 19/08/2024 തീയതിയിലെ എൽ5-150192/2024/PHQ നമ്പർ കത്ത്

**ഉത്തരവ്**

കേരള ആംഡ് വനിതാ ബറ്റാലിയൻ പിസി 1125 ശ്രീമതി രേഷ്മ കൃഷ്ണൻ (പെൻ : 908150) എന്നവർ 1 വയസ് പ്രായമുള്ളതും 'Umbilical Hernia' എന്ന അസുഖബാധിതയായതുമായ തന്റെ മകളുടെ ശാസ്ത്രക്രിയയ്ക്കും തുടർന്നുള്ള പരിപാലനത്തിനുമായി 01.09.2024 തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് ശൂന്യവേതന അവധി അനുവദിച്ചു നൽകുന്നതിനായി അപേക്ഷിച്ചിരിക്കുന്നു എന്നും 15.04.2021 തീയതി സർവ്വീസിൽ പ്രവേശിച്ച ടിയാൾ മൂന്നു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ളതും പിസി തസ്തികയിലുള്ള ടിയാളുടെ പരിവീക്ഷ കാലയളവ് വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതുമാണെന്നും കേരള ആംഡ് വനിതാ ബറ്റാലിയൻ കമാണ്ടന്റ് അവധി അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ശ്രീമതി രേഷ്മ കൃഷ്ണൻ (പെൻ : 908150) നു കെ.എസ്.ആർ. ഭാഗം ഒന്നിലെ ചട്ടം 88 പ്രകാരം 01.09.2024 തീയതി മുതൽ 31.08.2025 വരെ ഒരു വർഷത്തെ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശ പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുകൊണ്ട് കേരള ആംഡ് വനിതാ ബറ്റാലിയൻ പിസി 1125 ശ്രീമതി രേഷ്മ കൃഷ്ണന് (പെൻ : 908150) ഇൻക്രിമെന്റ്, ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം ഒന്നിലെ ചട്ടം 88 പ്രകാരം 01.09.2024 തീയതി മുതൽ 31.08.2025 വരെ ഒരു വർഷത്തെ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)

ശ്രീമതി രേഷ്മ കൃഷ്ണൻ, പിസി 1125, കേരള ആംഡ് വനിതാ ബറ്റാലിയൻ (സംസ്ഥാന പോലീസ് മേധാവി മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) & ഓഡിറ്റ്, കേരള , തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 05-09-2024 17:03:03

സെക്ഷൻ ഓഫീസർ